**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 77** **23-08-2022 - ൽ മറുപടിയ്ക്ക്**

**മരണമടഞ്ഞ സൈനികന്റെ ഭാര്യക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022 മേയ് 27-ന് കാശ്മീരിൽ സൈനിക വാഹന അപകടത്തിൽ മരണമടഞ്ഞ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സ്വദേശി ലാൻസ് ഹവീൽദാർ ഷൈജലിന്റെ ഭാര്യക്ക് സർക്കാർ ജോലി ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ഉണ്ടെങ്കിൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | ഇല്ലെങ്കിൽ സർക്കാർ ജോലി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | സൈനിക സേവനത്തിനിടെ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ തൊഴിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥകൾ നിർണ്ണയിച്ച് 29.04.2002 ലെ സ.ഉ(പി)നം.110/2002/പൊ.ഭ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം തൊഴിൽ സഹായത്തിന് അർഹത നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാന രേഖ ആർമി റിക്കാർഡ് ആഫീസ് നൽകുന്ന ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റാണ്. ലാൻസ് ഹവിൽദാർ മുഹമ്മദ് ഷൈജൽ.ടി യുടെ മരണകാരണം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് റിക്കാർഡ് ആഫീസിൽ നിന്നും മലപ്പുറം ജില്ലാ സൈനിക ക്ഷേമ ആഫീസിൽ ലഭ്യമായിട്ടുണ്ടെങ്കിലും പ്രസ്തുത സർട്ടിഫിക്കറ്റ് അപൂർണ്ണമാണ്. ന്യൂനതകൾ പരിഹരിച്ച്, ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം തൊഴിൽ സഹായത്തിനുള്ള ഫോർമൽ അപേക്ഷ ലഭ്യമായാലുടൻ, മുഹമ്മദ് ഷൈജലിന്റെ ആശ്രിതയ്ക്ക് ജോലി നൽകുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ